# ഭാഗം 17 കവിത

ഉള്ളടക്കം

17.0 ഉദ്ദേശ്യലക്ഷ്യങ്ങാം
17.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1 വീണപൂവ്
17.2 കുറിപ്പുകാം
17.3 ആശയസംഗ്രഹം
17.4 കവിപരിചയം
പുരേഗതി പരിശോധിക്കുക-1
17.5 വിഷയാവതരണവും പാഠഭാഗവും
പാഠം-2 മാപ്പ്
17.6 പദബോധനം
17.7 ആശയസംഗ്രഹം
17.8 കവിപരിചയം
പുരോഗതി സ്വയം പരിശോധിക്കുക-2
17.9 വിഷയാവതരണവും പാഠഭാഗവും
പാഠം-3 ഇന്നു ഞാൻ നാളെ നീ
17.10 ആശയസംഗ്രഹം
17.11 കവിപരിചയം
പുരോഗതി സ്വയം പരിശോധിക്കുക-3
17.12 വിഷയാവതരണവും പാഠഭാഗവും
പാഠം-4 മാമ്പഴം
17.13 ആശയസംഗ്രഹം
17.14 കവിപരിചയം
പുരോഗതി സ്വയം പരിശോധിക്കുക-4
17.15 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം

## 17.0 ഉദ്ദേശ്യലക്ഷ്യങ്ങാം

ഗദ്യസാഹിത്യത്തിലോ ശാസ്ത്രീയ വിഷയങ്ങളെക്കുറിച്ചുള്ള ഉപന്യാസങ്ങളിലോ കാണുന്ന ഭാഷാപ്രയോഗത്തിൽ നിന്നു വ്യത്യസ്തമാണ് കവിതയിലെ ഭാഷാപ്രയോഗം. വസ്തുതകളോടൊപ്പം കല്പനകാംക്കും കാവ്യഭാഷയിൽ പ്രാധാന്യമുണ്ട്. അത് മനസ്സിലാക്കുക എന്നതാണ് കവിതാമാതൃകകാം പഠിക്കുന്നതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങാം. കവിത വായിക്കുന്നത് കാവ്യാനുഭൂതിയിലൂടെ കിട്ടുന്ന സൗന്ദര്യാസ്വാദനത്തിനു വേണ്ടിയാണെങ്കിലും ഭാഷാഭ്യസനത്തിൽ കവിതാപഠനത്തിനുള്ള ലക്ഷ്യം അതു മാത്രമല്ല; കവിതയിലെ ഭാഷ എപ്രകാരമായിരിക്കുന്നു എന്നും കൂടിയാണ്.

ഇവിടെ മലയാളത്തിലെ നാലു പ്രധാന കവികളുടെ കൃതികളിൽ നിന്ന് ഓരോ ഭാഗം ഉദ്ധരിച്ചിരിക്കുന്നു. ആധുനികമലയാള കവിതയുടെ ഭാഷാസ്വഭാവവും സ്വരൂപവും വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്ന വിധമാണ് പാഠഭാഗങ്ങൾ സംവിധാനം ചെയ്തിട്ടുള്ളത്. അധ്യേതാവ് അവയിലെ ഭാഷാപ്രയോഗസ്വഭാവങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കേണ്ടതുണ്ട്. കവികല്പനകളെ മനസ്സിലാക്കുന്നതോടൊപ്പം, ആ കല്പനകളെ ആവാഹിച്ചെടുക്കുന്ന ഭാഷയുടെ ശക്തിസ്രോതസ്സിനെക്കുറിച്ചുകൂടി മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

## 17.1 വിഷയാവതരണം

വീണപൂവ് മലയാളഭാഷയിലുണ്ടായ ആദ്യത്തെ ശ്രദ്ധേയമായ കാല്പനിക ഭാവകാവ്യമാണെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. പഴയ മണിപ്രവാളത്തിലും ഈ നൂററാണ്ടിൻെറ ഉദയത്തോടെ കവിതയിൽ ഉണ്ടായ നവോത്ഥാനത്തിൻെറ ഘട്ടത്തിലും മററു ഭാവകവിതകൾ രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും പരിവർത്തനത്തിൻെറ കാഹളധ്വനി ഉയർന്നത് ഈ കവിതയിലൂടെയായതുകൊണ്ട് അത് വളരെയേറെ ശ്രദ്ധിക്കപ്പെട്ടു. ഒരു പൂവു വീഴുമ്പോൾ മനുഷ്യരാരും നടുങ്ങാറില്ല. പക്ഷേ വിശ്വപ്രകൃതിയുടെ ഹൃദയം നടുങ്ങുന്നു എന്ന് കവി സഹൃദയർക്ക് അനുഭവപ്പെടുത്തിക്കൊടുത്തു ആ കവിതയിലൂടെ; ഭാവുകതയുടെ ഒരു നവചക്രവാളം അങ്ങനെ ഉദ്ഘാടനം ചെയ്യപ്പെട്ടു. പൂവിൻെറ ഉല്പത്തി വികാസ വിലയങ്ങളിലൂടെ കവി ഒരു വ്യക്തി ജീവിതത്തിൻേറയും സമസ്തമാനവ ജീവിതങ്ങളുടേയും പരിണതികൾ ധ്വനിപ്പിച്ചിരിക്കുന്നു. 1907ൽ മിതവാദി പത്രികയിൽ അത് പ്രസിദ്ധപ്പെടുത്തി. ഒരു പൂ കൊഴിഞ്ഞു വീണപ്പോൾ ഒരു കവിപ്രതിഭ വാടാമലരായി വിരിഞ്ഞു എന്നു കേരളം അറിഞ്ഞു. ആ കൃതിയുടെ പരിമളം അതിവേഗത്തിൽ കേരളമൊട്ടാകെ പരന്നു. കുമാരനാശാൻ ധാരാളം സ്തോത്രകൃതികളും മററും അതിനു മുമ്പ് രചിച്ചിട്ടുണ്ടെങ്കിലും 34-ാം വയസ്സിൽ രചിച്ച ഈ കൃതിയാണ് അദ്ദേഹത്തെ വിഖ്യാതനാക്കിയത്.

ഒരു പൂവു വിരിഞ്ഞു. പരിമളം പരക്കുന്നു. വർണ്ണശബളതകൊണ്ട് ആരേയും ആകർഷിക്കുന്നു. ശലഭങ്ങൾ പൂവിൻെറ തേനിന്നായി പറന്നണയുന്നു. പൂവ് അവരെ ഗൗനിക്കുന്നില്ല. വിദൂരദേശത്തു നിന്നെത്തിയ ഒരു കരിവണ്ടിൽ പൂവ് അനുരക്തമാവുന്നു, അതിനെ വരിക്കുന്നു. പിന്നീട് വണ്ട് വന്നപോലെ പറന്നു പോകുന്നു. പൂവ് അഴൽ പൂണ്ടു കഴിയുന്നു. ഒടുവിൽ കൊഴിഞ്ഞു.— ഇപ്രകാരമൊരു കഥ സങ്കല്പിക്കപ്പെട്ടിട്ടുണ്ട്. ഒരു രാജ്ഞിയെപ്പോലെ ശോഭിക്കുന്ന പൂവിൻെറ അവസ്ഥയും പിന്നീടുണ്ടായ പതനവും വർണ്ണിക്കുന്നതിലൂടെ ഒരു വ്യക്തി ജീവിതകഥയും വ്യഞ്ജിപ്പിക്കുന്നുണ്ട്. പൂവിന് വികാരവിചാരങ്ങളും ആത്മാവും നല്കി അതിനെ മനുഷ്യകുടുംബാംഗമാക്കിത്തീർത്തിരിക്കുന്നു. ''ഒന്നല്ലി നാമയി സഹോദരരല്ലിപൂവേ!'' എന്ന് അരുമയോടെ ഓർക്കാനും, കഴുകനെന്നോ കപോതമെന്നോ വിവേചിക്കാതെ ഹനനം വ്യാപാരമാക്കുന്ന കൃതാന്തനോട് അമർഷം കൊള്ളാനും,കഴിയത്തക്കവണ്ണമുള്ള വിശ്വൈക്യബോധവും സ്നേഹകാരുണ്യങ്ങളും അനുവാചക ചേതസ്സിൽ ഉണർത്തുവാൻ വീണപൂവിനു കഴിഞ്ഞു. അന്നത്തെ മലയാള കവിതയിൽ അഭൂതപൂർവ്വമായ ഒരനുഭൂതിയായിരുന്നു, അത്. ഇന്നും ആ കവിത സഹൃദയരോട് സംവദിക്കുന്നുമുണ്ട്. വായിച്ചു നോക്കുക:—

### പാഠം-1 വീണപൂവ് —കുമാരനാശാൻ

ഹാ! പുഷ്പമേ! അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര അസംശയമിന്നു നിൻെറ
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ.

ആരോമലാമഴകു, ശുദ്ധി, മൃദുത്വ, മാഭ
സാരള്യമെന്ന സുകുമാരഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽനവ്യ
താരുണ്യമേന്തിയൊരു നിൻ നില കാണുന്നു താൻ

വൈരാഗ്യമേറിയൊരു വൈദികനാട്ടെയേററ
വൈരിയ്ക്കു മുമ്പുഴറിയോടിയ ഭീരുവാട്ടെ
നേരെ വിടർന്നുവിലസീടിന നിന്നെ നോക്കി
യാരാകിലെന്ത് മിഴുയുള്ളവർ നിന്നിരിക്കാം!

കാലം കുറഞ്ഞദിനമെങ്കിലുമർത്ഥദീർഘം
മാലേററയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവനമെന്നു നിൻെറ
യീലോല മേനി പറയുന്നനുകമ്പനീയം

ഹാ! പാപമോമൽ മലരേ! ബത നിൻെറ മേലും
ക്ഷേപിച്ചിതേ കരുണയററകരം കൃതാന്തൻ
വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു കപോതമെന്നും!

ഞെട്ടററു നീ മുകളിൽ നിന്നു നിശാന്തവായു
തട്ടിപ്പതിച്ചഌവുണർന്നവർ താരമെന്നോ
തിട്ടം നിനച്ചു മലരേ! ബത ദിവ്യഭോഗം
വിട്ടാശു ഭൂവിലടിയുന്നൊരു ജീവനെന്നോ!

ആഹാ! രചിച്ചു ചെറുലൂതകളാകെ നിൻെറ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിൻമേൽ
നീഹാരശീകര മനോഹരമന്ത്യഹാരം.

സാധിച്ചു വേഗമഥവാ നിജജന്മകൃത്യം
സാധിഷ്ഠർ പോട്ടിഹ സദാ നിശിപാന്ഥപാദം
ബാധിച്ചു രൂക്ഷശില വാഴ്‌വതിൽ നിന്നു മേഘ-
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലികാമ്യം!
എന്നാലുമുണ്ടഴലെനിക്കു വിയോഗമോർത്ത്
ഇന്നത്ര നിൻ കരുണമായ കിടപ്പു കണ്ടു.
ഒന്നല്ലി നാമയി! സഹോദരരല്ലീ! പൂവേ!
ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം

കണ്ണേ! മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതു താൻ ഗതി, സാധ്യമെന്തു
കണ്ണീരിനാൽ അവനിവാഴ്‌വു കിനാവു കഷ്ടം!

## 17.2 കുറിപ്പുകൾ

1) **വീഴ്കെ:** 'വീഴു'ക എന്ന ക്രിയയുടെ തൻവിനയെച്ചരൂപം. മറെറാരു ക്രിയയെ വിശേഷിപ്പിക്കുന്നു എങ്കിലും അതിനു കീഴടങ്ങുന്നില്ല.

2) **നിന്ന് + ഉതിർന്നു:** സംവൃതോകാരം ലോപിക്കുന്നു.

3) **കണ്ണീർ:** കൺ + നീർ. നീർ എന്ന പദത്തിലെ ന കാരത്തിന് 'ണ' കാരം ആദേശം. ആദേശസന്ധി.

4) **പൂങ്കുല:** പൂം + കുല. 'മ' കാരത്തിന് 'ങ്' കാരം ആദേശം. മാങ്കനി, പൂങ്കുയിൽ ഇവയും ആദേശസന്ധിതന്നെ.

5) **പുരതഃ:** പുരതോ. സംസ്കൃതത്തിലെ വിസർഗ്ഗം 'ഓ' കാരമായി പ്രയോഗിക്കുന്നു.

6) **തരസാ:** പെട്ടെന്ന്, അവ്യയം.

7) **രാജ്ഞികണക്കയേ:** രാജ്ഞി + കണയ്ക്ക് + അയേ
അയേ അല്ലയോ എന്നർത്ഥത്തിലുള്ള അവ്യയം.

8) **സാരള്യം:** സരള ശബ്ദത്തിൽ നിന്നുണ്ടാക്കുന്ന തദ്ധിതം. 'സരളത' എന്ന രൂപവും ഉണ്ട്.
വൈരാഗ്യം, താരുണ്യം, ഇവയും തദ്ധിത രൂപങ്ങൾതന്നെ.

9) **തിട്ടം:** ദൃഢം എന്ന സംസ്കൃതശബ്ദത്തിൻെറ തത്ഭവം. നിശ്ചയം ഉറപ്പ് എന്നർത്ഥം.

10) **ചരമാവരണം:** ചരമ + ആവരണം. ദീർഘസന്ധി.

11) **പാന്ഥപാദം:** പാന്ഥ + പാദം. പാന്ഥൻെറ പാദം, വഴിപോക്കൻെറ കാല്. തൽപുരുഷൻ. 'പഥിൻ' ശബ്ദത്തിൽ നിന്നും നിഷ്പാദിപ്പിച്ച തദ്ധിതരൂപമാണ് പാന്ഥൻ.

## 17.3 ആശയസംഗ്രഹം

1. അല്ലയോ പൂവേ! വളരെ ഉയർന്ന നിലയിൽ ഒരു രാജ്ഞിയെപ്പോലെ ശോഭയോടെ നീ വാഴുകയുണ്ടായി. ശ്രീ ഭൂവിൽ അസ്ഥിരയാണ്. തീർച്ച. (ഐശ്വര്യം ശാശ്വതമല്ല) നിന്റെ ആ ഐശ്വര്യം എവിടെ? ഇപ്പോഴത്തെ ഈ കിടപ്പെവിടെ!

2. അഴക്, വിശുദ്ധി, മൃദുലത, ശോഭ, സരളത എന്നീ ഗുണങ്ങളെല്ലാം നിന്നിൽ ഒത്തിണങ്ങിയിരിക്കുന്നു. (ഈ സൗകുമാര്യങ്ങൾ നിന്നെ ഓമനത്തം നിറഞ്ഞ ഒരു സൗന്ദര്യധാമമാക്കിത്തീർത്തു) ലോകത്തിൽ അതിന്നു തുല്യമായി മറ്റൊന്നില്ല എന്നു പറയത്തക്കവണ്ണം ആ ഗുണങ്ങളുടെ ഒത്തു ചേരലിനു നീ നിദർശനമായി. അവയെല്ലാം ഒരുമിച്ചു കാണണമെങ്കിൽ നവതാരുണ്യംകൊണ്ട് ആകർഷകമായി വർത്തിച്ച നിന്റെ മൃദുശരീരത്തിന്റെ നില കാണണം.

3. വിരക്തനായ പുരോഹിതനായാലും ശത്രുവിനെ പേടിച്ച് ഉഴറിയോടുന്ന ഭീരുവായാലും വിടർന്നു കാന്തി ചൊരിയുന്ന നിന്റെ മുന്നിൽ എത്തിയാൽ എല്ലാം മറന്ന് നോക്കി നിന്നു പോയിട്ടുണ്ടാവും! അവർക്ക് കണ്ണുണ്ടെങ്കിൽ. (കണ്ണുള്ളവരെല്ലാം നിന്നെ കണ്ടാൻ മതിമറന്ന് കണ്ണെടുക്കാതെ നോക്കി നിന്നു പോവും).

4. കുറച്ചുകാലമേ നീ അപ്രകാരം ശോഭചൊരിഞ്ഞുകൊണ്ട് ജീവിച്ചുള്ളു. എങ്കിലും അർത്ഥദീർഘമായിരുന്നു ആ നാളുകൾ. (ഉള്ളകാലം ജീവിക്കേണ്ടപോലെ ജീവിച്ചു. പരാർത്ഥമായ, സേവനനിരതമായ ജീവിതം ഹ്രസ്വമാണെങ്കിലും സമ്പന്നമാണ്. ഏറെ ദുഃഖമനുഭവിച്ചെങ്കിലും അത് നിന്റെ മനോഹാരിതയെ ബാധിച്ചില്ല. ഹ്രസ്വമെങ്കിലും അർത്ഥപൂർണ്ണമായ, ശ്രേഷ്ഠമായ (അരിയ) യൗവനം ഇപ്രകാരം നിപതിച്ചതിന്റെ ദൈന്യത്തെക്കുറിച്ച് ലോകം ഓർത്തു ദുഃഖിക്കത്തക്കവണ്ണം നിന്റെ ലോലശരീരം മണ്ണിൽ വീണു കിടക്കുന്നു. (കഴിഞ്ഞു എന്ന പദത്തിന് യൗവനദശ കഴിഞ്ഞു എന്നല്ല യൗവനത്തിൽ ജീവിതം കഴിഞ്ഞു എന്നാണ് അർത്ഥം കല്പിക്കേണ്ടത്. അതിന്നാണ് ഔചിത്യം);

5. ഹാ! കഷ്ടം! ഓമനയായ പൂവേ! കൃതാന്തൻ (കാലൻ—അന്തത്തെ ഉളവാക്കിയാൽ) നിന്റെ മേലും ക്രൂരമായി കൈവച്ചു. കൊല്ലുക ശീലമായിട്ടുള്ള വേട്ടക്കാരന് ഹിംസ്രസ്വഭാവമായ കഴുകനും ശാന്തശീലമായ പ്രാവും ഒരുപോലെയാണല്ലോ. (കൊല്ലുന്നവനെ കൊല്ലുമ്പോൾ അതങ്ങനെ വേണം എന്നു പറയുന്നതാണ് ലോകസ്വഭാവം. പക്ഷേ നോവിക്കാനറിഞ്ഞുകൂടാത്ത ഒരു പാവത്തിനെ നിഹനിക്കുന്നത് കൊടുംക്രൂരതയാണ്. ഈ വിവേചനം നല്ല മനുഷ്യർക്കെല്ലാവർക്കുമുണ്ട്—പക്ഷേ കൊല ശീലമായിട്ടുള്ളവർക്ക് എല്ലാം ഒരുപോലെ. ഇവിടെ കാലനെ വിവേചനശീലമില്ലായ്മയിൽ കാട്ടിലെ വേടനെപ്പോലെ അസംസ്കൃതചിത്തവൃത്തിയായി കല്പിച്ചിരിക്കുന്നു).

6. നീ ഞെട്ടററു ഭൂമിയിൽ വീണത് രാത്രിയുടെ അന്ത്യയാമത്തിൽ കാററു വീശിയപ്പോഴാണ്; ലോകർ മുഴവൻ നിദ്രയിലാണ്ടു കിടന്നപ്പോൾ. എങ്കിലും അവർ ഞെട്ടിയുണർന്നിട്ടുണ്ടാവും. (പുണ്യാത്മാക്കളുടെ നിര്യാണം ലോകത്തെയൊട്ടാകെ ഞെട്ടിയ്ക്കുമെന്ന് ധ്വനി). അങ്ങനെ പെട്ടെന്നുണർന്നവർ കണ്ടതെന്ത്? ഒരു നക്ഷത്രം വീഴുന്നതാവാം. അപ്പോൾ അവർ എന്തു നിനച്ചിരിക്കാം? നക്ഷത്രം വീഴുന്നുവെന്നു കരുതിയോ? അതോ, സ്വർഗ്ഗംവിട്ട് ഒരു ജീവൻ ഭൂമിയിലേക്കു പോന്നുവെന്നു കരുതിയോ? (നക്ഷത്രം വീഴുന്നതിനെപ്പററിയുള്ള ബഹുജനസങ്കല്പം, ഒരാൾ നക്ഷത്രമായിത്തീർന്നു എന്നാണ്. പാവനാത്മാക്കൾ മരിക്കുമ്പോൾ നക്ഷത്രമായിത്തീരുമെന്ന സങ്കല്പം പാശ്ചാത്യദേശങ്ങളിലും പൗരസ്ത്യദേശങ്ങളിലും ഒരുപോലെ പ്രചരിച്ചിട്ടുണ്ട്. ഇവിടെ മററൊരു സങ്കല്പം കൂടിയുണ്ട്. ''ക്ഷീണേ പുണ്യേ മർത്ത്യലോകം വിശന്തി'' എന്ന ഗീതാവാക്യം സൂചിപ്പിക്കുന്നത് പുണ്യം ക്ഷയിച്ചാൽ ആത്മാവ് സ്വർഗ്ഗംവിട്ട് വീണ്ടും മനുഷ്യലോകത്തിലെത്താമെന്നാണല്ലോ. ഞെട്ടിയുണർന്നവർ ഉണ്ടായ മഹാസംഭവമെന്തെന്ന് ശരിക്കു ധരിച്ചില്ല). നിന്റെ അന്ത്യത്തിന്റെ മുഹൂർത്തം ലോകത്തെ പ്രകമ്പിച്ചിരിക്കും പ്രകമ്പനഹേതു അവർ ശരിയായി ഗ്രഹിച്ചില്ലെന്നു വരാമെന്നേയുള്ളൂ.

7. ചെറിയ എട്ടുകാലികൾ നിന്റെ ദേഹത്തിൽ ചരമാവരണം വിരിച്ചു. (പൂവിന്റെ മേൽ എട്ടുകാലിവല) ദുകൂലം (വെള്ളപ്പട്ട്) പോലുള്ള ആവരണം. ഉഷസ്സ് നിന്റെ ശരീരത്തിൽ മഞ്ഞുതുള്ളികൾ (നീഹാരശീകരം) കൊണ്ടുള്ള അന്ത്യഹാരമണിയിച്ചു. (പ്രകൃതി ഈ വേർപാടിന്റെ ദുഃഖഗൗരവമറിയുന്നു.)

8. ജന്മകൃത്യം നേരത്തെതന്നെ നീ സാധിച്ചു. (പരാർത്ഥമായി ജീവിച്ചു) കൃതകൃത്യർ പോകുന്നതിൽ ദുഃഖിക്കുന്നതെന്തിന്? അന്യരെ ദ്രോഹിക്കാനായി ഏറെക്കാലം ജീവിക്കുന്നതിനേക്കാൾ കാമ്യം ചെയ്യേണ്ടതു ചെയ്തു തീർത്ത ഉടനെ

മറയുന്നതല്ലേ? വഴിപോക്കരെ രാത്രിയിൽ (ഇരുട്ടത്ത്) തട്ടിവീഴ്ത്തിക്കൊണ്ടു നിലനില്ക്കുന്ന ഒരു കൊടുംകല്ലിന്റെ ജീവിതത്തേക്കാൾ അഭികാമ്യമല്ലേ അവർക്ക് വഴി കാട്ടിക്കൊടുത്തു മറയുന്ന മിന്നലിന്റെ ക്ഷണിക ജീവിതം?

9. എന്നാലും നിന്റെ വിയോഗമോർത്ത് ഞാൻ ദുഃഖിക്കുന്നു. നിന്റെ ഈ കിടപ്പു കണ്ടിട്ടും ഞാൻ പരിതപിച്ചു. നമ്മളെല്ലാം ഒന്നല്ലോ? ഒരേ പ്രകൃതിമാതാവിന്റെ ഉദരത്തിൽ നിന്നു പിറന്നവരല്ലേ( നമ്മെ സൃഷ്ടിച്ചത് ഒരേ വിധാതാവിന്റെ കൈയല്ലേ?)

(ജീവചൈതന്യത്തിന്റെ ഏകത്വം ദർശിക്കുന്ന ബുദ്ധിയും പുല്ലിലും പുഴുവിലും മനുഷ്യനിലും ത്രസിക്കുന്ന ജീവനെ വിശ്വപ്രേമാനുഭൂതിയിലൂടെ അറിയുന്ന മനസ്സും ഇവിടെ മേളിക്കുന്നു.).

10. കണ്ണേ പിന്തിരിയുക. ഈ പൂവ് വെയിലിൽ കരിയും. മഴയിൽ അലിയും. മണ്ണോടു ചേരും. (വായുരനിലമമൃതം തഥേദം ഭസ്മാന്തം ശരീരം—ഈശാവാസ്യോപനിഷത്ത്) ഇതു വിസ്മരിക്കപ്പെട്ടേക്കാം. (കൃതം സ്മര: കൃതംസ്മര:—ചെയ്തതിനെ സ്മരിക്കുക. സ്മരണ നിലനിർത്തുക—ഇതേ ബാക്കിയാവുന്നവർക്കു ചെയ്യാനാവൂ). ചെയ്ത നല്ല കാര്യങ്ങൾ പോലും സ്മരിക്കാനാരുമുണ്ടായില്ലെന്നു വരാം. ഓർത്തുനോക്കിയാൽ എല്ലാരുടെ ഗതിയും ഇതുതന്നെയല്ലോ? കരഞ്ഞിട്ടെന്തു കാര്യം! ലോകജീവിതം (അവനിവാഴ്വ്) വെറുമൊരു സ്വപ്നം മാത്രം! കഷ്ടം!

'വീണപൂവ്' ആണ് വർണ്യവിഷയമെങ്കിലും, കവിയുടെ ദൃഷ്ടിയിൽ പൂവിന്റെ അസ്തിത്വവും മർത്ത്യന്റെ അസ്തിത്വവും ഏകീഭവിക്കുന്നു.

## 17.4 കവി പിചയം

മഹാകവി കുമാരനാശാൻ 1873 ഏപ്രിൽ 12-നു (1048 മേടം—ചിത്രപൗർണ്ണമി) കായിക്കരയിൽ (തിരുവനന്തപുരത്തിന്ന് ഇരുപത്തഞ്ചു നാഴിക വടക്ക്) ഇടത്തരം ഈഴവകുടുംബത്തിൽ ജനിച്ചു. കുടിപ്പള്ളിക്കൂടത്തിൽ പഠിച്ചതിനുശേഷം സംസ്കൃതം അഭ്യസിച്ചു. നാലഞ്ചു വർഷത്തോളം മലയാളം പള്ളിക്കൂടത്തിൽ വിദ്യാഭ്യാസം നിർവഹിച്ചതിനുശേഷം യൗവനാരംഭത്തിൽത്തന്നെ അധ്യാപകവൃത്തിയിലേർപ്പെട്ടു. 'ആശാൻ' എന്നറിയപ്പെടാൻ തുടങ്ങിയതങ്ങനെയാണ്. 1891-ൽ ശ്രീനാരായണഗുരുവിനെ കാണുകയും ശിഷ്യത്വം നേടുകയും ചെയ്തു. അരുവിപ്പുറത്ത് ഗുരുവിന്റെ സമീപം വസിച്ച കാലത്ത് സംസ്കൃതം, തമിഴ്, വേദാന്തം. യോഗവിദ്യ എന്നിവ അഭ്യസിച്ചു. 1895-ൽ ഗുരുനിർദ്ദേശപ്രകാരം ഉപരിവിദ്യാഭ്യാസത്തിനു പോയി. മൂന്നുവർഷം ഡോക്ടർ പൽപ്പുവിന്റെ സംരക്ഷണത്തിൽ ബാങ്ഗ്ളൂരിലും പിന്നെ കുറച്ചു മാസങ്ങളോളം മദ്രാസിലും പിന്നീട് കൽക്കത്തയിലും പഠിച്ചു. 1900-ൽ തിരിച്ചു വന്നു ഗുരുവിന്റെ പ്രവർത്തനത്തിൽ സഹായിച്ചു. 'ചിന്നസ്വാമി' എന്ന് അറിയപ്പെട്ടു. 1903-ൽ എസ്.എൻ.ഡി.പി, യോഗം സ്ഥാപിതമായി. അതിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചു. യോഗത്തിന്റെ മുഖപത്രമായ വിവേകോദയത്തിന്റെ പത്രാധിപരായി. 1918-ൽ ഗൃഹസ്ഥാശ്രമം സ്വീകരിച്ചു. പത്നി ശ്രീമതി കെ. ഭാനുമതിഅമ്മ. രണ്ടു പുത്രന്മാരുണ്ടായി. സുധാകരൻ, പ്രഭാകരൻ. 1920-ൽ സർക്കാർ അദ്ദേഹത്തെ തിരുവിതാംകൂർ നിയമസഭാംഗമാക്കി. 1922-ൽ ഇംഗ്ളണ്ടിലെ വെയ്ൽസ് രാജകുമാരൻ അദ്ദേഹത്തിന് പട്ടും വളയും സമ്മാനിച്ചു. 1924-ൽ ജനുവരി 16-നു പല്ലനയാററിൽ റെഡീമർ ബോട്ടപകടത്തിൽപ്പെട്ടു നിര്യാതനായി.

കൃതികൾ: ആദ്യകാലത്ത് നിരവധി സ്തോത്രകൃതികൾ രചിച്ചിട്ടുണ്ട്. 1907-ൽ വീണപൂവ് പ്രസിദ്ധപ്പെടുത്തി. നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, കരുണ, ചണ്ഡാലഭിക്ഷുകി തുടങ്ങിയവയാണ് പ്രസിദ്ധ കൃതികൾ.

### പുരോഗതി സ്വയം പരിശോധിക്കുക—1

1) 1. വീണ പൂവ് പ്രസിദ്ധപ്പെടുത്തിയ വർഷം.

2. പൂവിൽ കവി നിരീക്ഷിച്ച അവസ്ഥാ വിശേഷങ്ങൾ.

3. പൂവിലുണ്ടായിരുന്ന ഗുണങ്ങൾ.

4. ആർപോലും പൂവിനെ നോക്കിനില്ക്കാതിരിക്കില്ല.

5. കാലനെ കവി എന്തിനോട് ഉപമിച്ചിരിക്കുന്നു?

6. പൂവിന് ചരമാവരണവും അന്ത്യഹാരവും ആർ നല്കി?

## 17.5 വിഷയാവതരണം

ദേശസ്നേഹവും സമത്വബോധവും വള്ളത്തോളിന്റെ ജീവിത സൗന്ദര്യദർശനത്തിന്റെ മൗലികമായ രണ്ടു ഘടകങ്ങളായിരുന്നു. മാപ്പ് എന്ന കവിത അവയ്ക്ക് പ്രാതിനിധ്യം വഹിക്കുന്നു. ഒരു തീവണ്ടിയാപ്പീസിലെ തിക്കും തിരക്കും നിരാലംബനായ ഒരു കിഴവന്റെ പരലോകയാത്രയും ഒരു ചിത്രത്തിന്റെ അന്യോന്യവിരുദ്ധമായ രണ്ടു ഭാവങ്ങളാണ് ആണ്. ഒരു മനുഷ്യൻ മരിക്കുന്നത് ആരും അറിയാതെ പോകുന്ന സ്ഥിതി വിശേഷമാണിവിടെ. അത്ര കടുപ്പപ്പെട്ട ദുസ്ഥിതിയായിരുന്ന അന്ന് നമ്മുടെ നാട് നേരിട്ടിരുന്നത്. സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പുള്ള കാലം. അടിമത്തച്ചങ്ങല പൊട്ടിച്ചു കളയാൻ വേണ്ടുന്ന ഐക്യബോധം ഭാരതീയർക്കുണ്ടാകാത്തതുകൊണ്ടാണ് ഈ ദു:സ്ഥിതി വന്നു ചേർന്നതെന്ന് കവി ധ്വനിപ്പിക്കുന്നു. ദേശീയ സ്വാതന്ത്ര്യം അർത്ഥവത്താവണമെങ്കിൽ സാമ്പത്തിക സ്വാതന്ത്ര്യം സാക്ഷാൽകരിക്കണം എന്ന വിശ്വാസം സുദൃഢമായിരുന്നതുകൊണ്ട് അടിമത്തത്തെ അപലപിക്കുന്നതോടൊപ്പം ഉച്ചനീചഭേദത്തേയും മഹാകവി വിമർശിച്ചിരുന്നു. കവിതയിലെ വൃദ്ധൻ ''മേലാംകു പൂമ്പട്ടു കിടക്ക'' തുന്നുന്നതിനായി കൈ കഴച്ചു പണിത തൊഴിലാളിയാണെന്നും അയാംക്കു കിടന്നു ചാവാൻ കിട്ടിയത് ഒരു മരപ്പൊളി മാത്രമാണെന്നും ഉറക്കെ വിളിച്ചു പറയാൻ കവിയെ പ്രേരിപ്പിക്കുന്നത് അദ്ദേഹത്തിന്റെ ഈ ജീവിതവീക്ഷണമാണ്. സൗന്ദര്യം, സ്വാതന്ത്ര്യം, സമത്വം ഇവ കൂടിച്ചേരുമ്പോഴെ ജീവിതവും കാലവും അർത്ഥപൂർണ്ണമാകുന്നുള്ളൂ, എന്ന സത്യവും സമൂഹജീവിതത്തിന്റെ കോലാഹലത്തിന്നിടയിൽ വ്യക്തിയുടെ അന്തിമ യാത്രയുടെ ഏകാകിതയ്ക്കുള്ള ദാർശിനികസത്യവും ഈ കവിതയിൽ ഭാവാനുഭൂതിയാക്കി മാററിയിരിക്കുന്നു. ഇന്നും സഹൃദയനേയും ചിന്തകനേയും ആകർഷിക്കുന്ന കവിതയാണ് മാപ്പ്

### പാഠം-2 മാപ്പ് വള്ളത്തോാം നാരായണമേനോൻ

1. തീവണ്ടിയാപ്പീസിലനേകമട്ടായ്
നീങ്ങുന്നു യാത്രോദ്യതരാം ജനങ്ങാം
ഒററയ്ക്കൊരാളങ്ങൊരഴുക്കു മുക്കിൽ
മലർന്നു മെയ് നീണ്ടു കിടന്നിരുന്നു.

2. ഞരംപെലിമ്പെന്നിവ ചേർത്ത് വെച്ചു
ചുളിഞ്ഞ തോൽകൊണ്ടഥ മൂടിയിട്ടാൽ
ആളെന്ന പേരായതിനൊക്കുമെങ്കി
ലൊ'രാളു' താനാഗളിതാംഗചേഷ്ടൻ

3. കൈച്ചീട്ടു വാങ്ങാനുഴറാതെ, നേരം
നോക്കാതനങ്ങാതെ കിടന്നിതായാം
തീവണ്ടി ചെല്ലാത്തൊരിടത്തിലേക്കാ-
യിരുന്നു സായാസമവന്റെ യാനം.

4. കുപ്പായമില്ലാ കുടയില്ല മാറാ-
പ്പില്ലാ വിരിപ്പില്ലാ ചെരിപ്പുമില്ലാ
ഇദ്ദീർഘയാത്രോദ്യതനുണ്ടരയ്ക്ക
ലിരുണ്ട കീറത്തുണിയൊന്നു മാത്രം

5. പൈശാചതൃഷ്ണയ്ക്കടിപെട്ടൊടങ്ങാ-
പ്പണിക്കു നിർത്തും മുതലാളിവർഗ്ഗം
ചെഞ്ചോര തീർന്നപ്പൊഴുതിട്ടെറിഞ്ഞ
മനുഷ്യദേഹങ്ങളിലൊന്നിതത്രെ!

6. സുഖാമൃതം സ്വൈരമശിച്ചു ദിവ്യ
സൗധേ രമിപ്പൂ മുതലാളിവീരൻ
അയാംക്കു വിൺതീർത്തവരോ, വിശപ്പാൽ
വല്ലേടവും വീണു മരിച്ചിടുന്നു!

7. മേലാടക്കു പൂംപട്ടു കിടയ്ക്ക തുന്നി-
കൂട്ടുന്നതിന്നാരുടെ കൈ കഴച്ചൂ
ഏതോ മരത്തിൻപൊളിയാണവനു
കിടച്ചതാഹന്ത കിടന്നുചാവാൻ!

8. അറപ്പുമൂലം ചിലർ മാറിനിന്നാ-
രവൻെറ ഗാത്രം മലിനം വിഗന്ധം
ചിലർക്കു ചിത്താർദ്രത 'കഷ്ട' മെന്നീ-
യൊരൊററ വാക്കിൽച്ചെലവായ്ക്കഴിഞ്ഞു.

9. നോക്കിച്ചിരിച്ചൂ ചില ദേവകല്പർ
"ചാവാൻ തുടങ്ങീടുകയാണു പാവം!"
ചിലർക്കുദിച്ചീല വികാരമൊന്നും
"മരിക്ക സാധാരണമല്ലി, മന്നിൽ!"

10. മരിക്കസാധാരണം! ഈ വിശപ്പിൽ
ദ്ദഹിക്കലോ, നമ്മുടെ നാട്ടിൽമാത്രം!
ഐക്യക്ഷയത്താലടിമശ്ശവങ്ങ-
ളടിഞ്ഞുകൂടും ചുടുകാട്ടിൽമാത്രം!

11. തീവണ്ടി വന്നു പുരുഷാരമതിൽക്കരേറി
ദ്യോവിങ്കൽ വീണ്ടുമൊരു വാരയുയർന്നു സൂര്യൻ
പാവങ്ങൾ ചത്തിടുകിലെന്ത് പിറക്കിലെന്തെൻ
പാഴ്വാക്കിതിന്നരുളക മാപ്പു മനീഷിമാരേ!

## 17.6 പദബോധനം

1. യാത്രോദ്യതൻ — യാത്ര + ഉദ്യതൻ; യാത്രയ്ക്ക് ഒരുങ്ങിപ്പുറപ്പെട്ടവൻ-ഉദ്ദേശികാതൽപുരഷൻ.

2. സായാസം — സഹ + ആയാസം = ആയാസത്തോടെ അവ്യയീഭാവൻ

3. ഗളിതാംഗചേഷ്ടൻ — ഗളിത + അംഗ + ചേഷ്ടൻ — ഗളിതമായ അംഗചേഷ്ടകളോട് കൂടിയവൻ — ബഹുവ്രീഹി. അവയവങ്ങളെ ചലിപ്പിക്കുവാനുള്ള ശേഷി നഷ്ടപ്പെട്ടവൻ.

## 17.7 മാപ്പ്-ആശയസംഗ്രഹം

1. തീവണ്ടിയാപ്പീസിൽ യാത്രക്കാർ (യാത്രോദ്യതർ—യാത്രയുടെ ഉദ്യമത്തിൽ ഏർപ്പെട്ടവർ) തിങ്ങിക്കൂടിയിരിക്കുന്നു. പല വഴിക്കു പോകേണ്ടവർ. ഒററയ്ക്കൊരാൾ അഴുക്കുനിറഞ്ഞ ഒരു മൂലയിൽ നീണ്ടു നിവർന്നു കിടക്കുന്നു.

2. അയാളുടെ മേനിയിൽ ഒരു തരി മാംസമില്ലെന്നു തോന്നും. ഞരമ്പും എല്ലും എല്ലാം കൂട്ടിച്ചേർത്ത് ചുളിഞ്ഞ തോൽകൊണ്ട് മൂടിയാൽ എങ്ങിനെയിരിക്കുമോ അങ്ങനെയൊരു സ്വരൂപം. അതിനെ 'ആൾ' എന്നു വിളിക്കാനാവുമോ? ഉവ്വെങ്കിൽ ഇത് ആൾ തന്നെ. അയാൾ ചേഷ്ടകളില്ലാതെ നിവർന്നു കിടക്കുന്നു (ഗളിതം— ദ്രവിച്ച, നിലച്ച—ചേഷ്ടകൾ നിമിത്തം ഏറെക്കുറെ നിശ്ചലനായിരുന്നു).

3. അയാൾ യാത്രക്ക് ടിക്കററെടുക്കാൻ ബദ്ധപ്പെടുന്നില്ല. നേരം നോക്കുന്നില്ല. അനങ്ങുന്നില്ല. അയാളുടെ യാത്ര തീവണ്ടി എത്താത്ത ഒരിടത്തേക്കാണെന്നു വ്യക്തം. ആ യാത്രയ്ക്കായി അയാൾ ആയാസപ്പെടുന്നു (പരലോകയാത്രയ്ക്കാണ് അയാൾ 'ഉദ്യത'നായിരിക്കുന്നത്).

4. മററു യാത്രക്കാരെപ്പോലെ അയാൾ ഉടുപ്പണിഞ്ഞിട്ടില്ല. കുടയില്ല. ഒരു ഭാണ്ഡക്കെട്ടുമില്ല. ഈ യാത്രക്കാരൻ അരയിലൊരു കീറത്തുണി മാത്രം ചുററിയിരിക്കുന്നു.

5. ഇവനും ആവുംകാലത്ത് അധ്വാനിച്ചിട്ടുണ്ട്. അന്ന് ഇവനെക്കൊണ്ടു പണിയെടുപ്പിച്ച പണക്കാർ അവൻെറ പ്രയത്നശേഷി പരമാവധി ഞെക്കിപ്പിഴിഞ്ഞെടുത്തു. ചോരകുടിച്ച് എല്ലും കോലും വലിച്ചെറിയുന്ന പിശാചുക്കളെപ്പോലെയാണവർ അവനോടു പെരുമാറിയത്. അവൻെറ

പ്രയത്നശേഷിയുടെ ഒടുക്കത്തെ തുള്ളിയും വററിത്തീരുംവരെ അവർ അവനെ ചൂഷണം ചെയ്തു. ഒടുവിൽ വലിച്ചെറിഞ്ഞു. ഇങ്ങനെ നീരുംചോരയും മുതലാളിമാർക്കായി ഹോമിച്ച് ഒടുവിൽ എല്ലും തോലുമായി വീണടിയുന്ന എത്രയെത്ര തൊഴിലാളിമാർ! അവരിലൊരുവനാണിയാൾ.

6. മുതലാളി സുഖാമൃതം നുണഞ്ഞുകൊണ്ട് മാളികപ്പുറത്ത് വിലസുന്നു. അയാൾക്കു സ്വർഗ്ഗം പണിതുയർത്തിക്കൊടുത്ത തൊഴിലാളികൾ വിശപ്പുകൊണ്ട് വല്ലേടത്തും വീണു മരിക്കുന്നു.

7. മേലാളുകൾക്കു പട്ടുകിടയ്ക്ക തുന്നിയുണ്ടാക്കിത്തഴമ്പു വീണ കൈകളുള്ള പാവങ്ങൾക്ക് കിടന്നുചാവാൻ കിട്ടുന്നത് വല്ല മരപ്പൊളിയുമാണ്! എന്തൊരു വൈരുദ്ധ്യം.!

8. ചിലർ ഈ ആസന്നമരണനെ നോക്കി അടുത്ത ക്ഷണത്തിൽ അവിടെ നിന്നും മാറുന്നു. അറപ്പുമൂലമാവാം. അവൻെറ ദേഹം മലിനമാണ്. അതിൽനിന്ന് ദുർഗന്ധം വ്യാപിക്കുന്നു. മററുചിലർക്ക് അനുകമ്പയില്ലാതില്ല. പക്ഷേ, "കഷ്ടം!" എന്ന ഒരൊററ വാക്ക് ഉച്ചരിക്കുന്നതോടെ അവരുടെ അനുകമ്പ (ചിത്തത്തിൻെറ ആർദ്രത) മുഴുവൻ ചെലവായിക്കഴിഞ്ഞു. (ചിലർ നോക്കാൻപോലും മടിച്ച് അകലുന്നു. മററു ചിലർ കഷ്ടം എന്നു മാത്രം പറഞ്ഞ് അനുകമ്പ പ്രകടിപ്പിക്കുന്നു. ആരും ഒരു തുള്ളി വെള്ളം കൊടുക്കാനോ ഒന്നു തലോടി ആശ്വസിപ്പിക്കാനോ ഒരുക്കമില്ല.

9. തങ്ങൾ ദേവതുല്യരാണെന്നു കരുതുന്ന ചില ഭവ്യരാകട്ടെ, നോക്കിച്ചിരിക്കാൻ പോലും മടിച്ചില്ല. "ചാവാൻ തുടങ്ങുകയാണ്, പാവത്താൻ!" എന്ന് പറഞ്ഞു ചിരിക്കുമ്പോൾ "ചാവാൻ മറെറാരിടവും കണ്ടില്ല!" എന്ന പരിഹാസമാണ് അവരുടെ ഉള്ളിൽ. മററു ചിലരാകട്ടെ ഒരു വികാരവും ഇല്ലാത്ത മട്ടിൽ ഉദാസീനരായി പറഞ്ഞു: "മരണം സാധാരണമല്ലേ? ജനിച്ചവർക്കൊക്കെ മരിക്കണ്ടേ?"

10. മരണം സാധാരണം തന്നെ. എന്നാൽ ഇത് ഒരു സാധാരണ മരണം തന്നെയാണോ? ഇത് മരിക്കലല്ല; വിശപ്പിൽ ദഹിക്കലാണ്. ഇങ്ങനെ ജീവനോടെ ദഹിപ്പിക്കൽ നമ്മുടെ നാട്ടിൽ മാത്രമേ ഉണ്ടാവൂ. ഐക്യക്ഷയം കൊണ്ട ശവതുല്യമായ അടിമകൾ കോടിക്കണക്കിന് അടിഞ്ഞുകൂടൽ നമ്മുടെ നാട്ടിൽമാത്രം! (ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പ് എഴുതപ്പെട്ട കവിതയാണിത്. ഇന്ത്യക്കാരുടെ ഐക്യമില്ലായ്മകൊണ്ടാണ് അവർ വിദേശീയരുടെ ആധിപത്യത്തിന്നടിമപ്പെട്ടത്. അടിമത്തമാണ് തീരാത്ത ദാരിദ്ര്യത്തിലേയ്ക്ക് അവരെ ഉന്തിവിട്ടത്. വിശപ്പെന്ന അഗ്നിയിൽ ദഹിച്ചുകൊണ്ടിരിക്കുന്ന അടിമകളുടെ നാട്, നാടല്ല ഒരു ചുടുകാടുമാത്രം. നമ്മൾ ഐക്യബോധത്തോടെ ഉയിർത്തെഴുന്നേററ് വിദേശീയരെ തുരത്തി സ്വാതന്ത്ര്യം വീണ്ടെടുത്താലേ "പാലും തേനുമൊഴുകുന്ന ഭാരതം" എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാനാവൂ എന്നതാണ് ഇതിൻെറ ധ്വനിയായ ഉദ്ബോധനം. രാഷ്ട്രീയ സ്വാതന്ത്ര്യം വീണ്ടെടുത്തു കഴിഞ്ഞതിനുശേഷം വിശപ്പിൽ ദഹിക്കുക എന്ന ഈ അവസ്ഥ ഇന്ത്യയിൽ ഇല്ലാതായോ? ഈ ചോദ്യമാണ് ഇന്ന് ഈ കവിത പഠിക്കുന്നവരുടെ ഉള്ളിലുയരുക. അതിനുള്ള ഉത്തരം ഇന്ത്യക്കാരെ ആത്മപരിശോധനക്കു പ്രേരിപ്പിക്കും. വിശക്കുന്ന വയറുള്ളവൻ ഏതു കാലത്തും അടിമശ്ശ്വങ്ങൾ തന്നെ. അങ്ങനെയുള്ള വലിയൊരു ജനത ഒരു യാഥാർത്ഥ്യമാണെങ്കിൽ സ്വാതന്ത്ര്യം ലഭിച്ചുവെന്നത് ഒരു മിഥ്യ മാത്രമായിത്തീരുന്നു).

11. തീവണ്ടി വന്നു. ആളുകൾ തങ്ങളുടെ വഴിക്കു പോയി. ആകാശത്തിൽ സൂര്യൻ ഒരു വാരകൂടി ഉയർന്നു. പാവങ്ങൾ ജനിച്ചാലും മരിച്ചാലും ആരും ഗൗനിക്കുന്നില്ല. എൻെറ പരുഷമായ വാക്കുകൾക്ക് അല്ലയോ മനന ശീലരേ! നിങ്ങൾ മാപ്പു തരിക.

(കവി മാപ്പു ചോദിച്ചു പിൻവാങ്ങുന്നു എന്നല്ല അർത്ഥം. ഇതിന് നേരെ വിപരീതമാണ് ധ്വനി. വിപരീതലക്ഷണ എന്ന് ഇത്തരം പ്രയോഗങ്ങൾക്കു പേര്. മനീഷിമാർ—ചിന്തകർ—ഈ വൈരുദ്ധ്യത്തെപ്പററി ഗാഢമായി ചിന്തിക്കുകയും ഉണരുകയും വേണമെന്നർത്ഥം.)

## 17.8 കവിപരിചയം

മഹാകവി വള്ളത്തോൾ നാരായണമേനോൻ 1878 ഒക്ടോബർ 16-നു (1054 തുലാം 1-ാംനു) പൊന്നാനി താലൂക്കിൽ വള്ളത്തോൾ ഗൃഹത്തിൽ ജനിച്ചു. നാട്ടെഴുത്തച്ഛൻെറ കീഴിലായിരുന്നു വിദ്യാഭ്യാസം. അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം മുതലായ പ്രാഥമിക ഗ്രന്ഥങ്ങൾ പഠിച്ചതിനുശേഷം സംസ്കൃതഭാഷയിൽ പ്രാവീണ്യം നേടി. വൈദ്യനായിരുന്ന അമ്മാമൻ ആയുർവേദം

പഠിപ്പിച്ചു. പക്ഷേ കവി വൈദ്യവൃത്തി സ്വീകരിച്ചില്ല. ബാല്യത്തിൽത്തന്നെ കാവ്യരചനയിൽ വാസന തെളിയിച്ചു. നിരവധി ഒററശ്ലോകങ്ങൾ രചിച്ചിട്ടുണ്ട്. ഭാവകാവ്യങ്ങളുടെ സമാഹരണങ്ങളാണ് സാഹിത്യമഞ്ജരി പതിനൊന്നു ഭാഗങ്ങൾ. ബന്ധനസ്ഥനായ അനിരുദ്ധൻ, ഒരു കത്ത്, ശിഷ്യനും മകനും, മഗ്ദലന മറിയം, കൊച്ചുസീത, അച്ഛനും മകളും എന്നിവ ആണ് പ്രസിദ്ധ കൃതികൾ. വിവർത്തനങ്ങളിൽ പ്രധാനം അഭിജ്ഞാനശാകുന്തളം. മധ്യമവ്യായോഗം, അഭിഷേകനാടകം, പഞ്ചരാത്രം നാടകം, വാമനപുരാണം, മത്സ്യപുരാണം എന്നിവയും വിവർത്തനം ചെയ്തിട്ടുണ്ട്. ഏററവും ശ്രദ്ധേയം ഋഗ്വേദ വിവർത്തനമാകുന്നു. 1958 മാർച്ച് 13-ന് നിര്യാതനായി.

1930-ൽ കലാമണ്ഡലം സ്ഥാപിച്ചു. കഥകളി, മോഹിനിയാട്ടം മുതലായ കലകളെ പുനരുദ്ധരിച്ചു. കലാമണ്ഡലത്തിൻെറ വികസനത്തിനുവേണ്ടി വളരെ പ്രയത്നിച്ചു. വിദേശങ്ങളിൽ കഥകളി പ്രകടനങ്ങൾ നടത്തി.

### പുരോഗതി സ്വയം പരിശോധിക്കുക—2

**2)** 1. തീവണ്ടിയാപ്പീസിൽ കണ്ട മനുഷ്യൻെറ സ്വരൂപമെന്താണ്?

2. ആ മനുഷ്യൻ ഏത് ദിക്കിലേയ്ക്കുള്ള യാത്രയ്ക്ക് ഉദ്യതനാണ്?

3. ആ യാത്രക്കാരൻെറ കയ്യിൽ എന്തെല്ലാം ഇല്ല?

4. ആ യാത്രക്കാരൻ ആരാണെന്നാണ് കവി സൂചിപ്പിക്കുന്നത്?

5. തൊഴിലാളിയേയും മുതലാളിയേയും കുറിച്ച് കവിയ്ക്കുള്ള സങ്കല്പമെന്താണ്?

6. നമ്മുടെ നാടിൻെറ പ്രത്യേകത കവിയുടെ ദൃഷ്ടിയിൽ എന്താണ്?

## 17.9 വിഷയാവതരണം

മഹാകവി ജി ശങ്കരക്കുറുപ്പിൻെറ ഏററവും വിഖ്യാതമായ കവിതകളിലൊന്നാണ്, ''ഇന്നു ഞാൻ നാളെ നീ''. ബാഹ്യപ്രകൃതിയിൽ മനുഷ്യജീവിതഭാവങ്ങൾ കണ്ടെത്തുക, ജീവിതം മരണം എന്നീ പ്രതിഭാസങ്ങളുടെ ആന്തരസത്യം തേടുക, സമൂഹജീവിതത്തിലെ ഉച്ചനീചഭേദങ്ങളോട് തീവ്രമായി പ്രതികരിക്കുക മുതലായവ അദ്ദേഹത്തിൻെറ കവിതകളുടെ ചില പ്രധാനധർമ്മങ്ങളാണ്. അവയ്ക്കെല്ലാം ഈ കവിത പ്രാതിനിധ്യം വഹിക്കുന്നുണ്ട്.

ആദ്യന്തമില്ലാത്ത ജീവിതം പോലെയുള്ള ഒരു വഴിയിൽ ഏകാകിയായി നിൽക്കുന്ന വക്താവ് പകലൊടുങ്ങുന്ന വേളയുടെ സവിശേതകളിൽ മൃത്യുവിൻെറ മുഖഭാവങ്ങൾ കാണുന്നു. പകൽ-മരിച്ചുപോയ പിതാവ്; സന്ധ്യ—പിതൃവിയോഗ ദുഃഖത്തിൽ മൂർച്ഛരിക്കുന്ന മകൾ; താരകരത്നഖചിതമായ ആകാശം—ശവപ്പെട്ടി; നാലുദിക്കുകൾ—ശവപ്പെട്ടി എടുക്കാൻ ഒരുങ്ങിനിൽക്കുന്ന നാല് ആളുകൾ;— ഈ രൂപകപരമ്പരയിലൂടെ പ്രകൃതിയിൽ മൃത്യുവിൻെറ ദൃശ്യം തെളിയുന്നു. ആ സന്ദർഭത്തിൽ ആ വഴിയിലൂടെ കൊണ്ടു വരുന്ന ശവപ്പെട്ടിമേൽ തെളിഞ്ഞു കാണുന്ന ''ഇന്നു ഞാൻ നാളെ നീ'' എന്ന ലിഖിതം ''വ്യാപാരമേഹനനമാം വനവേട''ൻെറ നിസ്സംഗമായ സംഭാവനയെക്കുറിച്ചുള്ള ദാർശനിക ചിന്തയുണർത്തുന്നു. സമ്പന്നർ മൃത്യുവിൻെറ മുന്നിലും ആർഭാടങ്ങൾ ഒഴിവാക്കാറില്ല. ഈ വിലാപയാത്രയാകട്ടെ തികച്ചും നിരാഡംബരം. അനാഥരായിത്തീരുന്ന കുടുംബിനിയുടേയും കുഞ്ഞുങ്ങളുടേയും ദുഃഖത്തിൽ ദാരിദ്ര്യം കറുപ്പും കടുപ്പവും കൂട്ടുന്നു. മൃതി എന്ന അനിവാര്യമായ സനാതന സത്യത്തിൻെറ അവബോധവും ദാരിദ്ര്യം എന്ന നിവാര്യമായതെങ്കിലും നിവാരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ദുഃഖത്തെക്കുറിച്ചുള്ള അവബോധവും കൂട്ടിച്ചേർത്തു ഒരേ സമയത്ത് കാലാതീതവും കാലബദ്ധവുമായ മൂല്യസങ്കല്പങ്ങൾ സമന്വയിപ്പിക്കാൻ കവി ശ്രദ്ധിച്ചിരിക്കുന്നു.
മനുഷ്യവർഗ്ഗത്തിൻെറ മോചനത്തിനായി സ്വയം ബലി കൊടുത്ത ക്രിസ്തുദേവൻെറ ത്യാഗമഹത്വത്തെക്കുറിച്ചുള്ള ചിന്തകൾ ഇണക്കിച്ചേർത്ത് കവിതയ്ക്ക് പരിപാവനതയുടെ ഒരു ശോഭാപരിവേഷം നല്കാനും കവിയ്ക്കു കഴിഞ്ഞിട്ടുണ്ട്.
മലയാളത്തിലെ എണ്ണപ്പെട്ട കവിതകളിൽ ഒന്നായ 'ഇന്നു ഞാൻ നാളെ നീ' എന്തെന്ത് പ്രതികരണങ്ങളാണ് നിങ്ങളിൽ ഉണ്ടാക്കുന്നതെന്ന് ശ്രദ്ധിക്കുക.

## പാഠം-3 'ഇന്നു ഞാൻ നാളെ നീ' ജി. ശങ്കരക്കുറുപ്പ്

'ഇന്നു ഞാൻ നാളെ നീ, ഇന്നു ഞാൻ നാളെ നീ'
ഇന്നും പ്രതിധ്വനിക്കുന്നിതെന്നോർമ്മയിൽ!
പാതവക്കത്തെ മരത്തിൻ കരിനിഴൽ
പ്രേതംകണക്കെ ക്ഷണത്താൽ വളരവേ

എത്രയും പേടിച്ചരണ്ട ചില ശുഷ്ക
പത്രങ്ങൾ മോഹം കലർന്നുപതിക്കവേ,
ആസന്നമൃത്യുവാം നിശ്ചേഷ്ടമാരുതൻ
ശ്വാസമിടയ്ക്കിടയ്ക്കാഞ്ഞു വലിക്കവേ.

താരകരത്നഖചിതമായ പട്ടിനാൽ
പാരമലംകൃതമായ വിൺപെട്ടിയിൽ
ചത്തപകലിൻ ശവംവച്ചെടുപ്പതി—
നാത്തമൗനം നാലുദിക്കുകൾ നിൽക്കവേ,

തൻപിതാവിൻ ശവപ്പെട്ടിമേൽ ചുംബിച്ചു
കമ്പിതഗാത്രിയായന്തി മൂർച്ഛിക്കവേ
ജീവിതംപോലെ രണ്ടററവും കാണാത്തൊ-
രാവഴിയിങ്കൽ തനിച്ചു ഞാൻ നിന്നുപോയ്.

പക്ഷികൾ പാടിയില്ലാടിയില്ലാലില,
യിക്ഷിതിതന്നെ മരവിച്ചപോലെയായ്.

അന്തികത്തുള്ളൊരു പള്ളിയിൽ നിന്നുടൻ
പൊന്തി 'ണാം' 'ണാ' മെന്നു ദീനമണിസ്വനം.

രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ—
ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പോഴും

മൂകമാണെങ്കിലുമുച്ചത്തിൽ വർണ്ണിക്കു—
മേകമുഖമാം കുരിശിനെ മുത്തുവാൻ
ആരാലിറങ്ങിവരും ചില 'മാലാഖ'
മാരായ്വരാം കണ്ടവെൺമുകിൽത്തുണ്ടുകൾ.

പാപം ഹരിച്ചു പാരിന്നു വിണ്ണേറുവാൻ
പാതകാണിക്കും കുരിശേ, ജയിക്കുക!

ആ വഴിക്കപ്പോളൊരു ദരിദ്രൻെറ നിർ—
ജ്ജീവമാം ദേഹമടക്കിയപെട്ടിപോയ്;
ഇല്ലപെരുമ്പറ, ശുദ്ധയാം വിശ്വസ്ത—
വല്ലഭതന്നുടെ നെഞ്ചിടിപ്പെന്നിയേ!

ഇല്ലപൂവർഷം, വിഷാദം കിടന്നല
തല്ലുന്ന പൈതലിൻ കണ്ണുനീരെന്നിയേ!
വന്നുതറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ
നിന്നുമാറക്ഷരം, 'ഇന്നു ഞാൻ നാളെ നീ'.

ഒന്നുനടുങ്ങി ഞാനാ നടുക്കം തന്നെ
മിന്നുമുഡുക്കളിൽ ദൃശ്യമാണിപ്പോഴും!

## 17.10 ആശയസംഗ്രഹം

"ഇന്നു ഞാൻ നാളെ നീ" എന്ന വാക്യം ഇന്നും എൻെറ മനസ്സിൽ പ്രതിധ്വനിക്കുന്നു.

എന്നാണത് എൻെറ മനസ്സിൽ ഒരമ്പുപോലെ വന്നു തറച്ചത്?

ഒരു നാൾ സന്ധ്യയ്ക്ക് പാതവക്കത്തെ മരങ്ങളുടെ നിഴലുകൾ അനുക്ഷണം വലുതായിക്കൊണ്ടിരുന്നു. നോക്കിനിൽക്കെ വളർന്നുപൊങ്ങുന്ന പ്രേതങ്ങളെപ്പററിയുള്ള നാടൻ കെട്ടുകഥകൾ പെട്ടെന്നോർത്തു പോയി. ഈ നിഴലുകളും വലുതായിക്കൊണ്ടിരുന്നു. ആ കാഴ്ച മനസ്സിലൊരു അകാരണമായ ഭയത്തിൻെറ കരിനിഴൽ വീഴ്ത്തി. വൃക്ഷങ്ങളും പേടിച്ചു വിറച്ചിരുന്നുവോ? പേടിച്ചരണ്ടു തലചുററിയിട്ടെന്നപോലെ ചില ഉണക്കിലകൾ മയങ്ങി വീണു.

ആസന്നമരണമായ ഒരു മനുഷ്യനെപ്പോലെ നിശ്ചേഷ്ടനായി (അടങ്ങിയ കാററ്) കിടന്നിരുന്ന കാററ് പണിപ്പെട്ടു ശ്വാസം വലിക്കുമ്പോലെ ഇടയ്ക്കിടെ ഒന്നിളകിയുണരും. മുകളിലേക്കു നോക്കുമ്പോൾ ആകാശത്തിന്നൊരു ശവപ്പെട്ടിയുടെ ഛായ. നാലുദിക്കിലേക്കും താണ് അത് ഭൂതലത്തിനു മുകളിൽ ശവപ്പെട്ടിയുടെ അടപ്പുപോലെ വക്കുകളിൽ (ചക്രവാള സീമ) അമർന്നിരിക്കുന്നു. രത്നഖചിതമായ (നക്ഷത്രങ്ങൾ തിളങ്ങുന്ന) പട്ടുകൊണ്ട് പെട്ടി മൂടിയിട്ടുണ്ട്. പകലിൻെറ മൃതദേഹം അതിൽ അടക്കം ചെയ്തിരിക്കുന്നു. കബറെടുക്കാൻ മൂകരായി നാലു ചുമട്ടുകാർ നിൽക്കുന്നു, നാലു ദിക്കുകൾ. പകലിൻെറ അരുമ മകളായ സന്ധ്യ പിതാവിൻെറ ശവപ്പെട്ടിമേൽ ചുംബിച്ചു. അതോടെ അവൾ വിറച്ചു മൂർച്ഛിച്ചു വീണു. (പകൽ ഒടുങ്ങുന്നു. സന്ധ്യ മായുന്നു.) ഈ കാഴ്ചകൾ കണ്ടുകൊണ്ട് ഞാൻ ജീവിതം പോലെ തുടക്കവും ഒടുക്കവും അവ്യക്തമായ, നോക്കെത്താത്ത ആ വഴിയിലേയ്ക്കു കണ്ണു നട്ട് തനിച്ചിങ്ങനെ നിന്നുപോയി. പക്ഷികൾ മൂകങ്ങളായി. ആലിലകൾ അനങ്ങാതായി. ഭൂമി മരവിച്ചപോലെ കിടക്കുന്നു. അപ്പോൾ അടുത്തുള്ള പള്ളിയിൽ നിന്ന് മണിയടി കേട്ടു. പള്ളിയുടെ ശവപ്പറമ്പിലേയ്ക്കു ഒരു പുതിയ അതിഥിയെത്തുമ്പോൾ ആ മണി ഉറക്കെയുറക്കെ 'ണാം ണാ' മെന്നു കരഞ്ഞുകൊണ്ട് സ്വാഗതമോതും. പള്ളിയുടെ മുകപ്പിൽ കുരിശ് എഴുന്നുനിൽക്കുന്നു. അത് രണ്ടായിരത്താണ്ടുകൾക്കപ്പുറമുണ്ടായ ദിവ്യമായ ത്യാഗകഥയെ ഓർമ്മിപ്പിക്കും. അതിൻെറ നേരെ കണ്ണോടുമ്പോൾ ആകാശത്തിൽ നിന്നിറങ്ങി വരുന്ന മാലാഖകളെപ്പോലെ പ്രത്യക്ഷപ്പെടുന്നതെന്താണ്? ആ ദിവ്യയജ്ഞത്തെ മൂകമെങ്കിലും മുഖരമായിത്തന്നെ വർണ്ണിക്കുന്ന ഏകാഗ്രമായ കുരിശിനെ ചുംബിക്കുവാൻ മാലാഖകൾ ഇറങ്ങി വരിക തന്നെയാണോ? സൂക്ഷിച്ചു നോക്കുമ്പോൾ അവ വെൺമേഘപാളികളായി രൂപം മാറുന്നു. (വെളുത്ത മേഘപാളികൾ കണ്ടാൽ പറന്നിറങ്ങുന്ന മാലാഖകളോ എന്നു തോന്നും) ലോകത്തിൻെറ പാപഭാരം ഏറ്റെടുത്ത രക്ഷകൻ, കുരിശിലൂടെ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി കാട്ടിത്തന്നു. കുരിശു ജയിക്കട്ടെ. രക്ഷകൻ വാഴ്ത്തപ്പെടട്ടെ.

രണ്ടററവും കാണാത്ത പാതയിലൂടെ അതാ ഒരു കൂട്ടം ആളുകൾ വരുന്നു. അതൊരു വിലാപയാത്രയാണ്. ശവപ്പെട്ടി ചുമന്നവർ മുമ്പിൽ. മരിച്ചയാൾ ദരിദ്രനെന്നു വ്യക്തം. എന്തെന്നാൽ വിലാപയാത്രയ്ക്ക് ആർഭാടങ്ങളില്ല. പെരുംപറ മുഴങ്ങുന്നില്ല. പ്രിയപ്പെട്ടവളുടെ നെഞ്ച് പറ കൊട്ടുന്നത് ഹൃദയാലുക്കൾക്കു കേൾക്കാം. ആരും പൂക്കൾ വിതറുന്നില്ല. കരയുന്ന അരുമക്കുഞ്ഞിൻെറ കണ്ണുനീർ മാത്രം പൂക്കൾപോലെ ഉതിരുന്നു.

ആ പെട്ടിയുടെ പുറത്ത് വലിയ അക്ഷരങ്ങളിൽ ഇങ്ങനെയെഴുതിരുന്നു. ''ഇന്നു ഞാൻ നാളെ നീ'' ആ ആറക്ഷരങ്ങൾ എൻെറ മനസ്സിൽ വന്നു തറച്ചു. അമ്പേററപോലെ ഞാൻ നടുങ്ങി. അന്നു എന്നിൽനിന്ന് ഏററു വാങ്ങിയ നടുക്കം നക്ഷത്രങ്ങളിൽ ഇന്നും കാണാം.

പ്രപഞ്ചത്തിൽ എല്ലാം ഉണ്ടായി വളർന്നു പരിണമിച്ചു നശിക്കുന്നു. ജനനമെന്ന പോലെ മരണവുമുണ്ട് നക്ഷത്രങ്ങൾക്ക്. അവയും സ്വന്തം 'നാളെ' യെപ്പററി ഓർത്തിരിക്കാം. അല്ലെങ്കിൽ മിന്നുന്ന നക്ഷത്രങ്ങൾ നടുങ്ങി വിറയ്ക്കുന്നതെന്തിന്? (നക്ഷത്രങ്ങളുടെ ററ്വിങ്ക്ളിങ്ങ് (Twinkling) വിട്ടുവിട്ടു മിന്നിക്കൊണ്ടിരിക്കുന്ന അവസ്ഥ—അവയുടെ നടുക്കവും തൽഫലമായ വിറയലും ആയി കല്പിക്കപ്പെട്ടിരിക്കുന്നു).

## 17.11 കവിപരിചയം

1901 ജൂൺ 3-ന് മഹാകവി ജി. കാലടിയക്കടുത്തുള്ള നായത്തോട് വടക്കിനി വീട്ടിൽ ജനിച്ചു. ഏഴാം ക്ളാസ്സു പരീക്ഷയും വെർണാകുലർ ഹയർ പരീക്ഷയും പാസ്സായി. 1921-ൽ തിരുവില്വാമല ഹൈസ്കൂളിൽ അധ്യാപകനായി. 1927ൽ വിദ്വാൻ പരീക്ഷയും ജയിച്ചു. 1929ൽ തൃശ്ശൂരിലെ അധ്യാപകപരിശീലന ഇൻസ്ററിററ്യൂട്ടിലും പിന്നീട് 1937ൽ എറണാകുളം മഹാരാജാസ് കോളേജിലും അധ്യാപകനായിരുന്നു. 1956ൽ മഹാരാജാസ് കോളേജിലെ മലയാളം പ്രൊഫസർ സ്ഥാനത്തു നിന്നു വിരമിച്ചു. 1944 മുതൽ 1958 വരെ സമസ്ത കേരള സാഹിത്യ പരിഷത്തിൻെറ പ്രവർത്തകനായിരുന്നു. പരിഷത്തിൻെറ പത്രം ത്രൈമാസികമായിരുന്നത് ദ്വൈമാസികവും മാസികവുമായി ക്രമേണ വളർന്നത് ജിയുടെ ഉത്സാഹം കൊണ്ടാണ്. 1955ൽ തിരുവനന്തപുരം ആകാശവാണിയിൽ പ്രൊഡ്യൂസറായി നിയമിക്കപ്പെട്ടു. പിന്നീട് 1968 വരെ സാഹിത്യസലാഹ്കർ എന്ന പദവിയിൽ തുടർന്നു.

1960ൽ വിശ്വദർശനം എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡും 1963ൽ കേന്ദ്രസാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. ഭാരതീയ ജ്ഞാനപീഠത്തിന്റെ ആദ്യത്തെ പുരസ്കാരം **ഓടക്കുഴൽ** എന്ന സമാഹാരത്തിന് ലഭിച്ചു; 1965ൽ. 1967ൽ സോവിയറ്റ്ലാൻറ് നെഹ്രു അവാർഡ് ലഭിക്കുകയുണ്ടായി.

1968ൽ 'പദ്മഭൂഷൺ' പദവി നല്കി രാഷ്ട്രപതി ആദരിച്ചു. 1958ൽ രാജ്യസഭാംഗമായി നിർദ്ദേശിക്കപ്പെട്ടു. 1958ൽ റഷ്യയിലും കിഴക്കൻ ജർമ്മനിയിലും സഞ്ചരിച്ചു.

1978 ഫെബ്രുവരി 2-ാം തീയതി നിര്യാതനായി. കൃതികൾ: സാഹിത്യകൗതുകം, സൂര്യകാന്തി, ചെങ്കതിരുകൾ, നിമിഷം, മുത്തുകൾ, സന്ധ്യ, പഥികന്റെ പാട്ട്, ഓടക്കുഴൽ, അന്തർദാഹം, വിശ്വദർശനം, മധുരം സൗമ്യം ദീപ്തം, സന്ധ്യാരാഗം തുടങ്ങിയവയാണ് പ്രസിദ്ധ കൃതികൾ.

## പുരോഗതി സ്വയം പരിശോധിക്കുക—3

1. കവിയുടെ മനസ്സിൽ എന്താണ് പ്രതിധ്വനിക്കുന്നത്?
2. പാതവക്കത്തെ മരങ്ങളെ എങ്ങനെ കവി വിഭാവനം ചെയ്യുന്നു?
3. സന്ധ്യാസമീരനെ കവി എന്തായി സങ്കല്പിക്കുന്നു?
4. ആകാശത്തെ എന്തായാണ് കവി കാണുന്നത്?
5. വെൺമുകിലുകളെക്കുറിച്ചുള്ള കവിസങ്കല്പമെന്താണ്?
6. ശവയാത്രയിൽ മുഴങ്ങുന്ന പെരുമ്പറയായിട്ട് സങ്കല്പിച്ചിരിക്കുന്നതെന്തിനെയാണ്?
7. ശവയാത്രയിലെ പുഷ്പവർഷമായി കവി എന്തിനെ നിരൂപിച്ചിരിക്കുന്നു?

# 17.12 വിഷയാവതരണം

മഹാകവി വൈലോപ്പിള്ളിയുടെ ഏററവും വിഖ്യാതമായ കൃതികളിലൊന്നാണ് "മാമ്പഴം". സംഭവിച്ചതും, എന്നും എവിടേയും സംഭവിക്കാവുന്നതുമായ ഒന്നാണ് കവിതയുടെ പൂർവ്വഭാഗം. തൈമാവിന്റെ പൂങ്കുല ഒടിച്ചെടുത്ത് ആഹ്ളാദത്തോടെ അമ്മയെക്കാണിക്കാനോടിയെത്തുന്ന പൂംപൈതൽ: 'കായിൻ പേരിൽ പൂവിനെ മതിക്കുന്ന" മുതിർന്നവരുടെ രോഷം. "മാങ്കനി വീഴുമ്പോൾ ഓടിച്ചെന്നെടുക്കേണ്ടവൻ പൂങ്കുല തല്ലുന്നത് തല്ലുകൊള്ളാഞ്ഞിട്ടാണെന്ന് ശുണ്ഠിയെടുക്കുന്ന" അമ്മ; "മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ല." എന്ന് ഇടഞ്ഞു പറഞ്ഞുപോകുന്ന കുട്ടി—ഇതൊക്കെ മനുഷ്യജീവിതനാടകത്തിൽ എവിടേയും അരങ്ങേറാനിടയുള്ള സംഗതികൾ. എന്നാൽ കുട്ടി അങ്ങനെ പറഞ്ഞത് മറെറാരർത്ഥത്തിൽ സത്യമായി പരിണമിക്കുക എന്നത് എങ്ങും എപ്പോഴും സംഭവിക്കാവുന്ന ഒന്നല്ല. ഇവിടെ ആ കുട്ടി പറഞ്ഞത് ഒരു പ്രവചനമായിത്തീർന്നു. "വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങൾ പ്രവാചകരെപ്പോലെ ദീർഘദർശനം നല്കുന്നു. മാങ്ങ പഴുക്കുംമുമ്പേ കുട്ടി ലോകത്തോടു വിട പറയുന്നു. ആദ്യത്തെ മാമ്പഴം വീഴുമ്പോൾ, ഉതിരുന്ന കണ്ണുനീരോടെ അതെടുത്ത് അമ്മ കുട്ടിക്ക് നൈവേദ്യമെന്ന സങ്കല്പത്തോടുകൂടി അന്ത്യവിശ്രമസ്ഥാനത്ത് അർപ്പിക്കുന്നു.

അമ്മയുടെ അശ്രുവിൽ നിന്ന് അനശ്വരമായ ഒരു നക്ഷത്ര തേജസ്സ് ജ്വലിപ്പിക്കാൻ കവിക്കു കഴിഞ്ഞിരിക്കുന്നു. കുട്ടികളേയും 'വലിയ'വരേയും ഒരുപോലെ ആകർഷിക്കുകയും കീഴടക്കുകയും ചെയ്യുന്ന ഈ കവിത ദേശം, കാലം മുതലായ എല്ലാ പരിമിതികൾക്കും അതീതമാണ്. ബാല്യത്തിന്റെ നിഷ്കളങ്കത, അമ്മയുടെ തീരാവ്യഥ, മരണത്തിന്റെ കരാളനിസ്സംഗത ഇവയുരുകിച്ചേർന്നൊന്നായ ഭാവോജ്വലതകൊണ്ട് ആയിരക്കണക്കിന് ആസ്വാദകരുടെ മനംകവർന്ന ഈ കവിത മലയാളത്തിലെ ഏററവും മികച്ച സൃഷ്ടികളിലൊന്നാണ് എന്ന് നിങ്ങൾക്ക് ബോദ്ധ്യപ്പെടും. വായിച്ചുനോക്കുക.

### പാഠം-4 മാമ്പഴം വൈലോപ്പിള്ളി ശ്രീധരമേനോൻ

അങ്കണത്തൈമാവിൽ നി-
  ന്നാദ്യത്തെപ്പഴം വീഴ്കെ-
യമ്മതൻ നേത്രത്തിൽ നി-
  ന്നുതിർന്നു ചുടുകണ്ണീർ.

നാലുമാസത്തിൻമുമ്പി-
    ലേറെ നാൾ കൊതിച്ചിട്ടീ
ബ്ബാലമാകന്ദം പൂവി-
    ട്ടുണ്ണികൾ വിരിയവേ,

അമ്മതൻ മണിക്കുട്ടൻ
    പൂത്തിരികത്തിച്ചപോ-
ലമ്മലർച്ചെണ്ടൊന്നൊടി-
    ച്ചാഹ്ളാദിച്ചടുത്തെത്തി.

ചൊടിച്ചു മാതാവപ്പോൾ,
    "ഉണ്ണികൾ വരിഞ്ഞപൂ-
വൊടിച്ചു കളഞ്ഞല്ലോ
    കുസൃതിക്കുരുന്നേ നീ.

മാങ്കനി വീഴുന്നേര-
    മോടിച്ചെന്നെടുക്കേണ്ടോൻ
പൂങ്കുലതല്ലുന്നത്
    തല്ലുകൊള്ളാഞ്ഞിട്ടല്ലേ?"

പൈതലിൻ ഭാവംമാറി,
    വദനാംബുജംവാടി,
കൈതവം കാണാക്കണ്ണു
    കണ്ണുനീർത്തടാകമായ്.

"മാമ്പഴം പെറുക്കുവാൻ
    ഞാൻ വരുന്നി"ല്ലെന്നവൻ
മാൺപെഴും മലർക്കുല-
    യെറിഞ്ഞു വെറും മണ്ണിൽ.

വാക്കുകൾകൂട്ടിച്ചൊല്ലാൻ
    വയ്യാത്ത കിടാങ്ങളേ,
[illegible]ഫലദർശനംചെയ്യും
    ദൈവജ്ഞരല്ലോ നിങ്ങൾ!

തുംഗമാം മീനച്ചൂടാൽ
    ത്തൈമാവിൽ മരതക-
ക്കിങ്ങിണി സൌഗന്ധിക-
    സ്വർണ്ണമായ്ത്തീരും മുമ്പേ

മാങ്കനിവീഴാൻകാത്തു
    നിൽക്കാതെ, മാതാവിൻെറ
പൂങ്കുയിൽ കൂടും വിട്ടു
    പരലോകത്തെപ്പൂകി.

വാനവർക്കാരോമലായ്,
    പ്പാരിനെക്കുറിച്ചുദാ-
സീനനയായ്, ക്രീഡാരസ-
    ലീനനാ,യവൻ വാഴ്കെ.

അങ്കണത്തൈമാവിൽനി-
    ന്നാദ്യത്തെപ്പഴം വീഴകെ,
അമ്മതൻ നേത്രത്തിൽനി-
    ന്നുതിർന്നൂ ചുടുകണ്ണീർ!

തന്മകന്നമൃതേകാൻ
    താഴോട്ടു നിപതിച്ച
പൊൻപഴം മുററത്താർക്കും
    വേണ്ടാതെ കിടക്കവേ

അയൽപക്കത്തെക്കൊച്ചു
    കുട്ടികളുത്സാഹത്തോ-
ടവർതൻ മാവിൻ ചോട്ടിൽ
    ക്കളിവീടുണ്ടാക്കുന്നു,

''പൂവാലനണ്ണാർക്കണ്ണാ,
മാമ്പഴം തരി''കെന്നും-
പ്പൂവാലും കൊതിയോടേ
വിളിച്ചു പാടീടുന്നു.

ഉതിരും മധുരങ്ങ-
ളോടിച്ചെന്നെടുക്കുന്നൂ
മുതിരും കോലാഹല-
മംഗലധ്വാനത്തോടും.

വാസന്തമഹോത്സവ-
മാണവ, ർക്കെന്നാലവ-
ക്കാഹന്ത കണ്ണീരിനാ-
ലന്ധമാം വർഷാകാലം.

പുരതോ നിസ്തബ്ധയായ്
ത്തെല്ലിടനിന്നിട്ടുതൻ
ദുരിതഫലം പോലു-
ള്ളപ്പഴമെടുത്തവൾ

തന്നുണ്ണിക്കിടാവിന്റെ
താരുടൽ മറചെയ്ത
മണ്ണിൽത്താൻ നിക്ഷേപിച്ചു
മന്ദമായേവം ചൊന്നാൾ:

''ഉണ്ണിക്കൈയ്ക്കെടുക്കുവാ-
നുണ്ണിവായ്ക്കുണ്ണാൻവേണ്ടി,
വന്നതാണീ മാമ്പഴം,
വാസ്തവമറിയാതെ.

നീരസം ഭാവിച്ചു നീ
പോയിതെങ്കിലും കുഞ്ഞേ,
നീയിതു നുകർന്നാലേ
അമ്മയ്ക്കു സുഖമാവൂ.

പിണങ്ങിപ്പോയീടിലും
പിന്നെ ഞാൻ വിളിയ്ക്കുമ്പോൾ
ക്കുണുങ്ങിക്കുണുങ്ങി നീ
യുണ്ണുവാൻ വരാറില്ലേ?

വരിക കണ്ണാൽക്കാണാൻ
വയ്യാത്തോരെൻ കണ്ണനേ,
തരസാ നുകർന്നാലും
തായതൻ നൈവേദ്യം നീ''

ഒരു തൈക്കുളിർ കാററാ-
യരികത്തണഞ്ഞപ്പോ-
ളരുമക്കുഞ്ഞിൻ പ്രാണ-
നമ്മയെ യാശ്ളേഷിച്ചു!

## 17.13 ആശയസംഗ്രഹം

മുററത്തുള്ള തൈമാവിൽനിന്ന് (അങ്കണത്തൈമാവ്) ആദ്യത്തെ മാമ്പഴം വീണപ്പോൾ ഒപ്പം അമ്മയുടെ കണ്ണുകളിൽനിന്ന് കണ്ണീരുതിർന്നു. (അക്കൊല്ലം ആദ്യം വീണ മാമ്പഴമല്ല ആ തൈമാവിൽനിന്ന് ആദ്യമായി വീണ മാമ്പഴമാണ്. മാവ് ''കോടി കായ്ച്ച''താണെന്ന് വഴിയേ വ്യക്തമാകുന്നു.)

മാവ് നട്ടുനനച്ചു വളർത്തി പൂക്കുന്നതു കാത്തു കാത്തിരുന്നവർക്ക് അതു പൂക്കുമ്പോൾ അത്യാഹ്ളാദം തോന്നുമല്ലോ. അങ്ങനെ മുററത്തെ തൈമാവ് ആദ്യം പൂത്തത് നാലു മാസം മുമ്പാണ്. പൂത്ത് ഉണ്ണിമാങ്ങകൾ വിരിഞ്ഞു നില്ക്കുന്നത് കണ്ടവരെല്ലാം ആ ബാലമാകന്ദത്തെ (തൈമാവിനെ) നോക്കിനിന്നുപോകുമായിരുന്നു. മുതിർന്നവർക്കറിയാം പൂക്കുലയൊടിച്ചാൽ മാങ്ങയാണ് നഷ്ടപ്പെടുന്നതെന്ന്. പക്ഷേ കൊച്ചുകുട്ടികൾക്ക് എന്തറിയാം? ഒരു കൊച്ചുകുട്ടിക്കു കൂടി ഒടിച്ചെടുക്കാവുന്നത്ര താഴെയുള്ള ചില്ലകളിൽ

പൂക്കുലയുണ്ടായിരുന്നു. അതു കണ്ടപ്പോഴ് മണിക്കുട്ടന് തോന്നിയത് വിഷുവിനു പൂത്തിരി കത്തിച്ചതുപോലെ ഭംഗിയായിരിക്കുന്നല്ലോ എന്നാവാം. കത്തിച്ച പൂത്തിരി കൈയിൽ പിടിക്കുന്നത് ചെറിയ കുട്ടികളുടെ വലിയ വീരകൃത്യവുമാണല്ലോ. അതോർത്തിട്ടാവാം അമ്മയുടെ അരികിലേയ്ക്കോടിയെത്തിയത്. അമ്മ തന്നെ 'മിടുക്കൻ'എന്ന് അഭിനന്ദിക്കുമെന്നും അവൻ കരുതിയിരിക്കാം. ഉണ്ടായത് അതല്ല. അമ്മ കോപിച്ചു. 'വികൃതിക്കുട്ടി' എന്നു ശാസിച്ചു. ''ഉണ്ണികൾ വിരിഞ്ഞ പൂങ്കുല ഒടിച്ചുകളയാമോ?'' എന്നു കയർത്തു. മാമ്പഴം വീഴുമ്പോൾ ഓടിച്ചെന്നെടുക്കണ്ടവൻ പൂങ്കുല ഒടിച്ചത് അടി കൊള്ളാഞ്ഞിട്ടാണെന്ന് ശകാരിച്ചു. അതവൻ ഒട്ടും പ്രതീക്ഷിച്ചില്ല. അവന്റെ മുഖം വാടി. (താമര പൂപോലുള്ള ആ മുഖം—വദനാംബുജം = വദനമാകുന്ന അംബുജം രൂപകസമാസം എത്രപെട്ടെന്നാണ് വാടിയത്!) അവന്റെ നിഷ്കളങ്കമായ കണ്ണുകൾ നിറഞ്ഞു. (കൈതവം—കാപട്യം. കളങ്കം, ചതി) കണ്ണ് നിറഞ്ഞ തടാകം പോലെയായി. പെട്ടെന്നവൻ ആ പൂക്കുല മുററത്തു വലിച്ചെറിഞ്ഞുകൊണ്ട് പറഞ്ഞു ''മാമ്പഴം പെറുക്കാൻ ഞാൻ വരുന്നില്ല''.

കൊച്ചു കുട്ടികൾക്ക് അക്ഷരം കൂട്ടിച്ചൊല്ലാറായിട്ടില്ലെങ്കിലും അവർ മൊഴിയുന്നത് അർത്ഥപൂർണ്ണമാവുന്നു. നിഷ്കളങ്കതയാണ് അവർക്ക് പ്രവചനശക്തി നല്കുന്നതെന്നു വരാം. ഈ കുട്ടി പറഞ്ഞത് ഓർത്തു. അവന്റെ വാക്കുകൾ ദീർഘദർശനമായി പരിണമിച്ചു. അതെങ്ങനെ?

മീനച്ചൂടിൽ മാങ്ങകൾ മൂത്തു പഴുക്കുമല്ലോ. തൈമാവ് മരതകക്കിങ്ങിണി കെട്ടിയതെന്നപോലെ നിറഞ്ഞു നിന്നിരുന്ന പച്ചമാങ്ങകൾ (മരതകം-പച്ചക്കല്ല്) സുഗന്ധമുള്ള സ്വർണ്ണം പോലെയായി. (സ്വർണ്ണത്തിന്റെ നിറം വന്നു മൂത്തുപഴുത്ത മാങ്ങകൾ) അപ്പോഴാണ് അമ്മയുടെ ഹൃദയാരാമത്തിൽ കൂകിത്തിമർത്തിരുന്ന പൂങ്കുയിൽ പറന്നുപോയത്. (കുയിൽ കൂടുവിട്ടുപോകുംപോലെ കുഞ്ഞിന്റെ ആത്മാവ് ശരീരമാകുന്ന കൂടുവെടിഞ്ഞ് പരലോകത്തിലേയ്ക്കു യാത്രയായി) അവൻ മരിച്ചുപോയി. എന്നേക്കുമായി ഇല്ലാതായി എന്നൊന്നും വിചാരിക്കാൻ കഴിയാത്ത ഒരമ്മയുടെ ഭാഷയിലാണ് ആ മൃതിയെ വർണ്ണിക്കുന്നത്. തന്റെ മണിക്കുട്ടൻ ദേവന്മാരുടെ ഓമനയായി സ്വർഗ്ഗത്തിൽ കളിച്ചു നടക്കുകയാവും. അവൻ അമ്മയെ പററിയോ അമ്മയുടെ കണ്ണീരുവീണു കുതിർന്ന ഭൂമിയെപ്പററിയോ ഓർക്കുന്നുണ്ടാവുമോ? ഇല്ലെന്നുവരാം. മരിച്ചുപോയവർ ലോകജീവിതത്തിൽ ഒരു മൂല്യവും കാണാനിടയില്ല. അവർ പാരിനെപ്പററി കേവലം ഉദാസീനർ ആവാനാണിട. ഇങ്ങനെ ഓർത്തോർത്ത് അമ്മ തപിച്ചുകൊണ്ടിരിക്കെയാണ് മാമ്പഴം പഴുത്തു വീഴുന്നത്. കണ്ണീരൊഴുക്കിന് ചിറപൊട്ടി. ആ മാങ്ങ ഓടിച്ചെന്നെടുക്കാൻ ആരുമില്ല. ആർക്കും വേണ്ടാതെ അതു മുററത്തു കിടന്നു. ''മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ല!'' എന്ന് അന്ന് അരുമക്കിടാവ് ചൊടിച്ചുകൊണ്ട് പറഞ്ഞത് അമ്മ ഓർത്തു. അയൽപക്കത്തെ കുട്ടികൾ അവരുടെ മാവിൻചോട്ടിൽ കളിച്ചു തകർക്കുന്നു. 'പൂവാലാ! അണ്ണാർക്കണ്ണാ ഒരു മാമ്പഴം താ' എന്ന് ആർക്കുന്നു. ''കുട്ടിപ്പുര'' കൾ ഉണ്ടാക്കിയിരിക്കുന്നു. അതിൽ സദ്യയൊരുക്കാൻ അവർക്കു മാമ്പഴം വേണം. ''അണ്ണാർക്കണ്ണാ മുറിവാലാ അണ്ട്യാലൊന്ന് വായ്പ തായോ'' എന്നും മററും അവർ പാടുന്നു. പെട്ടെന്നു കാററു വീശുന്നു. നാട്ടുമാവിൽ നിന്ന് തുരുതുരെ മാമ്പഴം ഉതിരുന്നു. കുട്ടികൾ കോലാഹലം കൂട്ടി ഓടുന്നു. അവർക്കിതൊരു വസന്തോത്സവമാണ്. അവരുടെ മുററത്ത് വസന്തം. ഇവിടെ വർഷം. ഇവിടെ അമ്മയുടെ കണ്ണുകൾ കാർമേഘംപോലെ പെയ്യുന്നു. (വസന്തം ആഹ്ളാദത്തിന്റെയും വർഷം കറുത്ത മ്ളാനതയുടേയും ഋതുക്കളാണ്. ഇവിടെ ഒരേ കാലത്തു തന്നെ രണ്ടു ഋതുക്കളുടെ അനുഭവം. കാലസ്വഭാവം വ്യക്തികളുടെ വീക്ഷണത്തിനൊത്ത് മാറുന്നു. കാലത്തിന്റെ അനുഭൂതി സാപേക്ഷമാണെന്ന് ശാസ്ത്രജ്ഞൻ പറയുന്നത് ശാസ്ത്രീയസത്യം. ഇത് വൈകാരിക സത്യം.

അമ്മ ആ മാമ്പഴത്തിനടുത്ത് സ്തബ്ധയായി കുറച്ചിടനിന്നു. (പുരതോ-പുരത:മുന്നിൽ) പിന്നെ തന്റെ ദുരിതം തന്നെ ഫലരൂപത്തിൽ പൊഴിഞ്ഞു വീണതോ എന്നു തോന്നിക്കുന്ന ആ മാമ്പഴമെടുത്ത് ഉണ്ണിക്കുട്ടന്റെ മൃദുമേനിയെ വിഴുങ്ങിയ മണ്ണിന്നടുത്തു ചെന്നുനിന്നു. ആ മാമ്പഴം അവിടെ സമർപ്പിച്ച് അവൾ ഇപ്രകാരം മന്ത്രിച്ചു.

> ''ഉണ്ണിക്കൈക്ക് എടുക്കാൻവേണ്ടി ഉണ്ണിവായ്ക്ക് ഉണ്ണാൻ
> വേണ്ടി വന്നതാണ് ഈ മാമ്പഴം. അത് കഥയറിഞ്ഞിട്ടില്ല.
> ഉണ്ണി വരൂ! നീയിതു മുകരൂ. പിണങ്ങിപ്പോയി
> ഉണ്ണാതെ കിടക്കുമ്പോൾ അമ്മ വന്ന് ഓമനിച്ചു വിളിക്കുമ്പോൾ
> അമ്മയ്ക്കുവേണ്ടിയെന്ന മട്ടിൽ കുണുങ്ങിക്കുണുങ്ങി നീ ഉണ്ണാൻ
> വരാറുണ്ടല്ലോ. എന്നോടു പിണങ്ങിപ്പോയ കുഞ്ഞേ! എല്ലാം
> പൊറുത്തു തിരിച്ചു വരൂ. എന്റെ ഉണ്ണിക്കണ്ണാ
> ഈ കണ്ണുകൊണ്ട് കാണാനാവാത്ത ഇടത്തേക്ക് നീ പോയി.
> ഇപ്പോഴോടിവരൂ. അമ്മയുടെ ഈ നിവേദ്യം മുകരൂ!''

പെട്ടെന്നൊരു ഇളം കാററു വീശി. അമ്മയ്ക്കുതോന്നി അരുമമകന്റെ പ്രാണൻ തന്നെ ആശ്ലേഷിച്ചുവെന്ന്.

മലയാളത്തിലെ ഏററവും മനോഹരമായ കവിതകളിലൊന്നാണ് 'മാമ്പഴം'. ജീവിതത്തിലെ അനിവാര്യവും അപരിഹാര്യവുമായ ദു:ഖങ്ങളിലൊന്നാണ് പ്രിയജനവിയോഗം. മകൻ അമ്മയ്ക്കു ചെയ്യേണ്ട ഉദകക്രിയ അമ്മ മകന്നു ചെയ്യേണ്ടിവരുന്നതാകട്ടെ മൂതിയാലുളവാകുന്ന ദു:ഖങ്ങളിൽ വെച്ചേററവും കഠോരമാണ്. അതിനും പുറമേ കവിതയിലെ സംഭവത്തിലുള്ളതുപോലെ ഒരു പശ്ചാത്താപഹേതു കൂടിയുണ്ടെങ്കിൽ ദു:ഖം കഠിനതരമായിത്തീരുന്നു. ആ അഗ്നികണം കൊണ്ട് ആത്മാവിനെ അഗ്നിസ്നാനത്താൽ വിശുദ്ധീകരിക്കുന്ന ഒരു കവിത കവി ജ്വലിപ്പിച്ചിരിക്കുന്നു.

## 17.14 കവിപരിചയം

1911ൽ എറണാകുളത്ത് കലൂരിലുള്ള വൈലോപ്പിള്ളി ഭവനത്തിൽ വൈലോപ്പിള്ളി ശ്രീധരമേനോൻ ജനിച്ചു. ഹൈസ്കൂരം വിദ്യാഭ്യാസവും കോളേജു വിദ്യാഭ്യാസവും എറണാകുളത്തുതന്നെ. ജന്തുശാസ്ത്രത്തിൽ ബിരുദമെടുത്ത കവി തെരഞ്ഞെടുത്തത് അദ്ധ്യാപകവൃത്തിയായിരുന്നു. ആദ്യത്തെ കവിതാസമാഹാരമായ കന്നിക്കൊയ്ത്ത് 1947ൽ പ്രസിദ്ധീകരിച്ചു. 'ശ്രീരേഖ', കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ, വിത്തും കൈക്കോട്ടും, കടൽക്കാക്കകരം, മകരക്കൊയ്ത്ത് എന്നിവയാണ് പ്രസിദ്ധ കൃതികരം.

മാമ്പഴം കന്നിക്കൊയ്ത്തിലെ കവിതയാണ്. വൈലോപ്പിള്ളിക്കവിതകരം എന്ന പേരിൽ തെരഞ്ഞെടുത്ത കൃതികളുടെ സമാഹാരം 1984ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

1985 ഡിസമ്പറിൽ നിര്യാതനായി.

വിട എന്ന സമാഹാരത്തിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡും ഓടക്കുഴൽ അവാർഡും മകരക്കൊയ്ത്തിന് വയലാർ അവാർഡും കേരള സാഹിത്യ അക്കാദമിയുടെ രജതജൂബിലി പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

### പുരോഗതി സ്വയം പരിശോധിക്കുക-4

1. അമ്മയുടെ നേത്രത്തിൽനിന്ന് ചുടുകണ്ണീർ ഉതിർന്നതെപ്പോരം? എന്തുകൊണ്ട്!
2. മണിക്കുട്ടൻ മലർച്ചെണ്ടൊടിച്ചാഹ്ളാദിച്ചതെങ്ങനെ?
3. കിടാങ്ങളെ കവി എന്തായി സങ്കല്പിച്ചിരിക്കുന്നു?
4. ''പൂങ്കുയിൽകൂടും വിട്ടു പരലോകത്തെ പൂകി'' എന്താണ് വാച്യാർത്ഥം?
5. ''തരസാ നുകർന്നാലും തായതൽ നൈവേദ്യം നീ'' എന്താണ് നൈവേദ്യം?
6. 'അരുമക്കുഞ്ഞിൻ പ്രാണനമ്മയെ ആശ്ലേഷിച്ചു.' എന്താണീ കവിസങ്കല്പത്തിന്ന് ആധാരമായ വസ്തുത?

## 17.15 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം

1) 1. 1907
2. തുംഗപദത്തിൽ രാജ്ഞിയെപ്പോലെ ശോഭിച്ചിരുന്നതും, വാടിക്കൊഴിഞ്ഞ് ഭൂമിയിൽ വീണതും.
3. അഴക്, വിശുദ്ധി, മൃദുലത, ശോഭ, സാരള്യം എന്നിവ.
4. വിരക്തനായ പുരോഹിതനും വിരണ്ടോടുന്ന ഭീരുവുംപോലും.
5. വന്നവനോട്
6. ചരമാവരണം—എട്ടുകാലി നല്കി
അന്ത്യാഹാരം—മഞ്ഞുതുള്ളികളാൽ ഉഷസ്സു നൽകി.

2) 1. ഞരമ്പും എല്ലും തോലുംകൊണ്ട് മൂടിചേർത്തപോലെയുള്ള രൂപം.

2. പരലോകയാത്രയ്ക്ക്

3. ഉടുപ്പില്ല, കുടയില്ല, ഭാണ്ഡവുമില്ല.

4. അധ്വാനശേഷി ചൂർന്ന് എടുത്തശേഷം മുതലാളിമാരാൽ നിഷ്കരുണം ഉപേക്ഷിക്കപ്പെടുന്ന തൊഴിലാളിമാരിൽ ഒരാൾ മാത്രം എന്ന്.

5. തൊഴിലാളികൾ മുതലാളിമാർക്ക് സ്വർഗ്ഗം പണിതു കൊടുക്കുന്നു, ഒടുവിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ വീണു മരിക്കുന്നു. മുതലാളിമാർ തൊഴിലാളികളുടെ അധ്വാനത്തിൽനിന്നുണ്ടായ ഫലമനുഭവിച്ച് സുഖമായിക്കഴിയുന്നു.

6. ഐക്യക്ഷയത്താൽ മനുഷ്യർ അടിമകളായിത്തീരലും, വിശപ്പിനാൽ ദഹിക്കലും.

3) 1. ഇന്നു ഞാൻ നാളെ നീ.

2. നോക്കി നില്ക്കെ വളർന്നുപൊങ്ങുന്ന പിശാചുക്കളെപ്പോലെ.

3. ആസന്നമരണനായ ഒരു മനുഷ്യന്റെ ശ്വാസോച്ഛ്വാസം പോലെ.

4. ശവപ്പെട്ടിയായി.

5. കുരിശിനെ മുത്തുവാൻ ഇറങ്ങിവരുന്ന മാലാഖമാർ.

6. വിശ്വസ്തയായ ഭാര്യയുടെ നെഞ്ചിടിപ്പിനെ.

7. വിഷാദം അലതല്ലുന്ന പെതലിന്റെ കണ്ണുനീർത്തുള്ളികളെ.

4) 1. അങ്കണത്തെമാവിൽ നിന്ന് ആദ്യത്തെ പഴം വീണപ്പോൾ, 'മാമ്പഴം പെറുക്കാൻ വരുന്നില്ല' എന്ന് മരിച്ചുപോയ ഉണ്ണി പറഞ്ഞ വാക്കുകൾ സ്മരിച്ചുകൊണ്ട്.

2. പൂത്തിരി കത്തിച്ചപോലെ.

3. ദീർഘദർശനം ചെയ്യുന്ന ദൈവജ്ഞരായി.

4. "കൊഞ്ചിക്കൊഞ്ചി വർത്തമാനം പറയുമായിരുന്ന കുട്ടി മരിച്ചുപോയി.

5. ആദ്യമായി വീണ മാമ്പഴം.

6. ഒരു ഇളം കാററ് വീശൽ